നഷ്ടപ്പെടുകയാണു് ചെയ്യുന്നതു്. പുതിയതായി അവരെ നിയമിക്കുന്നതു കൊണ്ടുള്ള ബുദ്ധിമുട്ടു് ഇല്ലാതാക്കുവാനായി ആ പഴയ സമ്പ്രദായത്തിൽതന്നെ പോകുവാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ: ടി. ടി. സി. പാസ്സായിരിക്കണം എന്ന സമ്പ്രദായം സ്വീകരിച്ചതിനുശേഷം ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ പഴയ നിലയിലേയ്ക്കു് മടങ്ങിപോകുവാൻ പ്രയാസമാണു്.

ഇവാലുവേഷൻ കമ്മിറ്റി റിപ്പോർട്ടു്.

* 418. [2] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇവാലുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ആകെ എത്ര ശുപാർശകളുണ്ടായിരുന്നു;

(ബി) ഇതിൽ ഗവണ്മെൻറു അംഗീകരിച്ചവ എത്ര;

(സി) അംഗീകരിക്കാത്ത ശുപാർശകൾ ഏതെല്ലാം;

(ഡി) ഗവണ്മെൻറു അംഗീകരിച്ച ശുപാർശകളിൽ എത്രയെണ്ണം നടപ്പിലാക്കി;

(ഇ) അവ ഏതെല്ലാം?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 187.

(ബി) 137.

(സി) 38 എണ്ണം.

റിപ്പോർട്ടും അതിലെ ശുപാർശകളിന്മേൽ ഗവണ്മെൻറു് എടുത്ത തീരുമാനവും അടങ്ങിയ പ്രസിദ്ധീകരണം മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

(ഡി,ഇ) അംഗീകരിച്ച ശുപാർശകളിന്മേലുള്ള ഗവണ്മെൻറു് ഉത്തരവുകളും എല്ലാം തന്നെ നടപ്പിലായിക്കൊണ്ടിരിക്കുകയാണു്. അവ വിവിധഘട്ടങ്ങളിലിരിക്കുന്നതേയുള്ളു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: നടപ്പിലാക്കാത്ത ശുപാർശകളും ഏതെല്ലാമാണു്? എന്തുകൊണ്ടാണു് അവ നടപ്പിലാക്കാത്തതു്?

ശ്രീ. കെ. കുഞ്ഞമ്പു: നടപ്പിലാക്കാത്ത ശുപാർശകളും 38 എണ്ണമാണെന്നു ഇവിടെ പറഞ്ഞിട്ടുണ്ടു്. സാമ്പത്തികമായ ഗവണ്മെൻറിൻറെ ബുദ്ധിമുട്ടുകൊണ്ടാണു് അതു നടപ്പിലാക്കാത്തതു്.

ശ്രീ. കെ. ആർ. വിജയൻ: അഞ്ചു അംഗങ്ങളുള്ള പബ്ലിക്കു് സർവ്വീസു കമ്മീഷനിൽ ഒരംഗം പട്ടികജാതിയിൽ നിന്നായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചു ശക്തിയായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടു്. അതു് ഗവണ്മെൻറു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇവാലുവേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഹരിജനങ്ങളിൽനിന്നു ഒരാളെ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ അംഗമായി എടുക്കണമെന്നു ശക്തിയായി ശുപാർശ ചെയ്തിട്ടുണ്ടു്.

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly